⇨ ഏറ്റവും പഴക്കമുള്ള യഹൂദപ്പള്ളികളിലൊന്നാണ് മാളയിലേത് ⇨

# മാള യഹൂദ കരാറിന് 60, കരാർ ലംഘനങ്ങൾക്കും

ഇസ്രായേലിന്റെ രൂപീകരണത്തെ തുടർന്ന് അവിടേക്ക് പോകാൻ തീരുമാനിച്ച തൃശൂർ ജില്ലയിലെ മാളയിലുണ്ടായിരുന്ന യഹൂദർ, 1955 ജനുവരി 4 ന് നിലവിൽ വന്ന കരാർ പ്രകാരം സംരക്ഷിക്കുന്നതിനായി നമുക്ക് കൈമാറിയ ചരിത്ര സ്മാരകങ്ങളോട് മാള ഗ്രാമപഞ്ചായത്ത് നടത്തുന്ന നിഷേധാത്മകത സമീപനം തുടരുകയാണ്.

**വടക്കേടത്ത് പത്മനാഭൻ**

*ഈശ്വരനുനന്ദി, ഞങ്ങളീ യഹൂദർ പോകയായി*
*ശാശ്വത വിശ്രമസ്ഥാന മിസ്രായേൽ പൂകാൻ*
*അശ്രുരുദ്ധർ കാണ്മൂ ഞങ്ങൾ കേരളമേ വിടനൽകാൻ*
*പച്ചയാം തെങ്ങോല വീശി നിൽക്കയല്ലോ നീ*

(കേരളത്തിലെ യഹൂദർ ഇസ്രായേലിലേക്ക് – വിത്തും കൈക്കോട്ടും, വൈലോപ്പിള്ളി).

1955 ൽ ഒരു സഹസ്രാബ്ദകാലം തങ്ങൾക്കഭയമരുളിയ കേരളം വിട്ട് ഇസ്രായേലിലേക്കുപോയ മാളയിലെ യഹൂദർ തങ്ങളുടെ ദൈവങ്ങളേയും പിതൃക്കളേയും മാളക്കാരുടെ കയ്യിൽ സുരക്ഷിതമാക്കാൻ ജാഗ്രത കാട്ടിയിരുന്നു. തങ്ങളുടെ ദേവാലയമായ സിനഗോഗും പിതൃക്കളുറങ്ങുന്ന ശ്മശാനവും രജിസ്ടർ ചെയ്ത ഒരു കരാർ പ്രകാരം മാള പഞ്ചായത്തിനെ ഏല്പ്പിച്ചാണവർ പോയത്. യഹൂദചരിത്രത്തിൽ മറ്റെങ്ങും കാണാത്ത ചരിത്രപ്രാധാന്യമുള്ള ഈ കരാറിന് ഈ ജനുവരിയിൽ 60 വയസ്സ് പൂർത്തിയായി. ഇന്ത്യയിലെത്തന്നെ ഏറ്റവും പഴക്കമുള്ള യഹൂദപ്പള്ളികളിലൊന്നാണ് മാളയിലേത്. കേരളത്തിലെ ഏറ്റവും വിസ്തൃതമായ യഹൂദശ്മശാനമാണ് നാല് ഏക്കർ വരുന്ന മാളയിലെ യഹൂദശ്മശാനം.

ലോകചരിത്രത്തിൽത്തന്നെ അത്യപൂർവ്വമായ ഈ കരാറിൽ തങ്ങളുടെ ദേവാലയവും ശ്മശാനവും എങ്ങനെ സംരക്ഷിക്കണമെന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളാണവർ അക്കമിട്ടു പറഞ്ഞിരിക്കുന്നത്. സിനഗോഗ് മറ്റൊരു വിഭാഗത്തിന്റേയും ആരാധനാലയമാക്കരുത്, വർഷാവർഷം അറ്റകുറ്റപ്പണികൾ ചെയ്യണം, പുറത്ത് ബോർഡ് പ്രദർശിപ്പിക്കണം, ശ്മശാനം പഞ്ചായത്തിന്റെ ചെലവിൽ സംരക്ഷിക്കണം, കല്ലറകൾക്കുനേരെ കയ്യേറ്റം അനുവദിക്കരുത്, ചുറ്റുമതിലും ഗേറ്റും സംരക്ഷിക്കണം, ശ്മശാനത്തിൽ കുഴിക്കുകയോ മണ്ണുമാറ്റുകയോ ചെയ്യരുത്, ശ്മശാനം മറ്റൊരാവശ്യത്തിനും ഉപയോഗിക്കരുത് തുടങ്ങിയ വ്യവസ്ഥകളടങ്ങിയ ഈ കരാർ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റും യഹൂദ പ്രതിനിധികളും ചേർന്ന് ഒപ്പുവച്ച് 1955 ജനുവരി 4 ന് നിലവിൽ വന്നു.

കരാർ വ്യവസ്ഥകൾ പാലിക്കാൻ നിയമപരമായും ധാർമ്മികമായും ബാധ്യതയുള്ള പഞ്ചായത്ത് ഭരണകൂടം തന്നെയാണ് അത് ലംഘിക്കാനും ഈ ചരിത്ര സ്മാരകങ്ങളെ നിശിപ്പിക്കാനും മുൻകയ്യെടുക്കുന്നത്. സിനഗോഗിനുള്ളിൽ എൽ.പി.സ്കൂൾ ക്ലാസ്സുകൾ നടത്തുക, പ്രാർത്ഥനാമുറി കമ്മ്യൂണിറ്റി ഹാളാക്കി വാട

➯ *നിർദ്ദിഷ്ട പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൈതൃകസംരക്ഷണസമിതി രൂപം കൊണ്ടു* ➯



ചരിത്ര സ്മാരകമായ മാളയിലെ സിനഗോഗ്

കയ്ക്കുനൽകുക, സിനഗോഗിന്റെ കോമ്പൗണ്ടിനുള്ളിൽ ഇരുനില ഷോപ്പിംഗ് കോംപ്ലക്സ് പണിയുക എന്നിങ്ങനെ സിനിഗോഗിനു നേരെയുണ്ടായ കരാർലംഘനങ്ങളിൽ ചിലത് ജനകീയ ഇടപെടലിലൂടെ പിന്നീട് തിരുത്തപ്പെട്ടെങ്കിലും അവഗണനയും അനധികൃത കയ്യേറ്റങ്ങളും ഇപ്പോഴും തുടരുകയാണ്.

നാലേക്കർ വരുന്ന ശ്മശാനം ഏറെക്കാലം തീർത്തും അവഗണിക്കപ്പെട്ടുകിടന്നു. പലയിടത്തും ചുറ്റുമതിൽ പൊളിഞ്ഞ് കല്ലുകൾ നഷ്ടപ്പെട്ടു. ഒരിക്കൽ ഹോംഗാർഡുകൾക്ക് വെടിവെപ്പ് പരിശീലനത്തിനുള്ള ലക്ഷ്യസ്ഥാനമായി ഈ കല്ലറകൾ. മുപ്പതോളം ശവക്കല്ലറുകളുടെ സ്ഥാനത്ത് ഇന്നവശേഷിക്കുന്നത് മൂന്നെണ്ണം മാത്രം. 90 കളുടെ തുടക്കത്തിൽ ഈ സ്ഥലത്ത് ചില നിർമ്മാണ പ്രവർത്തനങ്ങൾക്ക് നീക്കമുണ്ടായപ്പോൾ പരേതനായ സ്വാതന്ത്ര്യസമരസേനാനി കെ.എ.തോമസ് മാസ്റ്ററുടെ നേതൃത്വത്തിൽ മാള യഹൂദ സ്മാരക സംരക്ഷണസമിതി രൂപീകരിച്ച് ചെറുത്തുനില്പ്പുണ്ടായി. 1994 ൽ എറണാകുളം ആസ്ഥാനമായ അസോസിയേഷൻ ഓഫ് കേരളാ ജ്യൂസ്, പഞ്ചായത്തിന്റെ നടപടികൾക്കെതിരെ ഹൈക്കോടതിയെ സമീപിച്ചു. കരാറുകൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച പറ്റിയെന്ന് കോടതി നിയോഗിച്ച കമ്മീഷൻ കണ്ടെത്തി. എന്നാൽ നീണ്ട 10 വർഷത്തിനുശേഷമാണ് ഹൈക്കോടതി വിധി വരുന്നത്. കരാർ ലംഘനത്തിന് കീഴ്ക്കോടതിയെയാണ് സമീപിക്കേണ്ടത് എന്നായിരുന്നു വിധി. ഹൈക്കോടതിയുടെ വിധി തങ്ങൾക്ക് അനുകൂലമാണെന്ന കള്ളപ്രചരണവുമായി പഞ്ചായത്ത് വീണ്ടും നിർമ്മാണപ്രവർത്തനങ്ങളിലേക്ക് നീങ്ങി. നാലേക്കർ വിസ്തീർണ്ണമുള്ള ശ്മശാനഭൂമിയുടെ കിഴക്കുഭാഗത്തുള്ള 2.5 ഏക്കറിൽ ഒരു ഓപ്പൺ എയർ ഗ്യാലറി നിർമ്മിച്ച്, ജവഹർലാൽ നെഹ്റു സ്റ്റേഡിയമെന്ന് പേരുമിട്ടു. ഒഴിച്ചിട്ട പടിഞ്ഞാറുഭാഗം ചുറ്റുമതിൽ തകർന്ന് അനാഥമായി അവശേഷിച്ചു. ഈ സ്ഥലത്ത് ഒരു കോൺക്രീറ്റ് പാർക്ക് നിർമ്മിക്കാൻ ഒന്നരക്കോടിയിലധികം രൂപ ചെലവുവരുന്ന പ്രോജക്ടുമായി ടൂറിസം വകുപ്പ് രംഗത്തുവന്നപ്പോഴാണ് ചെറുത്തുനിൽപ്പിന്റെ പുതിയ അധ്യായം തുടങ്ങുന്നത്. നിർദ്ദിഷ്ട പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൈതൃകസംരക്ഷണസമിതി രൂപം കൊണ്ടു. പൈതൃകസംരക്ഷണത്തിന്റെ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് സമിതി നടത്തിയ ക്യാമ്പെയിനുകളിൽ മഹാശ്വേതാദേവി, ആനന്ദ്, കെ.വേണു, പ്രിയനന്ദൻ തുടങ്ങി നിരവധി സാംസ്കാരിക പ്രവർത്തകർ

രംഗത്തെത്തി. ചരിത്രപണ്ഡിതരായ എം.ജി.എസ്. നാരായണൻ, ഡോ.എം.ജി. ശശിഭൂഷൻ എന്നിവരും പദ്ധതിയ്ക്കെതിരെ രംഗത്തുവന്നു.

ഇതിനിടക്ക് കരാർ വ്യവസ്ഥകൾ ലംഘിച്ച് കിഴക്കുഭാഗത്തെ 2.5 ഏക്കറിൽ നിർമ്മിച്ച ഓപ്പൺ എയർ ഗ്യാലറിയുടെ സ്ഥാനത്ത് മറ്റൊരു വമ്പൻ പദ്ധതിയുമായി സംസ്ഥാന സ്പോർട്സ് വകുപ്പ് രംഗത്തുവന്നു. 8 കോടി മുതൽ മുടക്കിൽ കെ.കരുണാകരൻ സ്മാരക സ്റ്റേഡിയം. ദശകങ്ങളായി തിരിഞ്ഞു നോക്കാനാളില്ലാതെ ജീർണ്ണിച്ചുനശിച്ചുകൊണ്ടിരുന്ന ഈ ശ്മശാനഭൂമിയിലേക്ക് കോടികൾ കുത്തിയൊലിച്ചു വരുന്നതിനുപിന്നിൽ എന്തൊക്കെയോ നിക്ഷിപ്ത താല്പ്പര്യങ്ങളുണ്ടെന്നുതീർച്ച. ഒരു ദേശത്തിന്റെ പൈതൃകത്തേയും ചരിത്രത്തേയും തകർത്തുകൊണ്ട്, നിയമപ്രകാരമുള്ള ചുമതലകൾ മറന്നുകൊണ്ട്, കരാർ പാലിക്കാനുള്ള ധാർമ്മികബാധ്യത വിസ്മരിച്ചുകൊണ്ട് പ്രകൃതിവിരുദ്ധമായ കോൺക്രീറ്റ് മാളികകൾ പണിതുയർത്തുന്നത് എന്തിന്റെ പേരിലായാലും ചെറുക്കപ്പെടേണ്ടതുണ്ട്.

കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നു എന്ന പരാതിയുമായി യഹൂദസമുദായത്തിൽപെട്ട രണ്ടുപേർ കോടതിയെ സമീപിച്ചിരുന്നു. മാള പൈതൃകസംരക്ഷണ സമിതി കൂടി കക്ഷിചേർന്നു. ഈ വ്യവഹാരത്തിനുമേൽ, കരാർവ്യവസ്ഥകൾ ലംഘിക്കാതെ സമവായാടിസ്ഥാനത്തിൽ പരിഹാരം കാണാനാണ് കോടതി നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്പോൾ കേസ് ജില്ലാ കോടതിയിലാണ്.

യഹൂദസ്മാരകങ്ങൾ സംരക്ഷിക്കുന്നതിൽ മാത്രമല്ല, അവയുടെ പൈതൃകമൂല്യവും ചരിത്രപ്രാധാന്യവും സാംസ്കാരിക സവിശേഷതയും മനസ്സിലാക്കുന്നതിലും മാള പഞ്ചായത്ത് പരാജയപ്പെട്ടു എന്ന് കഴിഞ്ഞ 59 കൊല്ലത്തെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. ഇന്ത്യയിലെതന്നെ ഏറ്റവും പഴക്കമുള്ളതും കേരളത്തിലെ ഏറ്റവുമധികം വിസ്തീർണ്ണമുള്ളതുമായ യഹൂദസ്മാരകങ്ങളുടെ പ്രാധാന്യം പഞ്ചായത്ത് മനഃപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയാണ്. ആഗോളവത്ക്കരണകാലത്തെ നവലിബറൽ സാമ്പത്തിക സിദ്ധാന്തങ്ങൾക്കനുസൃതമായി ചരിത്ര സ്ഥലികളെ വാണിജ്യവത്ക്കരിക്കാൻ ഇത്തരം അജ്ഞത അത്യാവശ്യമാകാം.

മാള പൈതൃകസംരക്ഷണസമിതി യഹൂദക്കരാറിന്റെ ചരിത്രപ്രധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ഏപ്രിൽ 12 ന് കരാറിന്റെ 60–ാം വാർഷികം തൃശ്ശൂരിൽവെച്ച് ആചരിക്കുന്നുണ്ട്. 'പൈതൃകസംരക്ഷണത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തെക്കുറിച്ച് സെമിനാറും സാമൂഹ്യസാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ഐക്യദാർഢ്യ കൺവെൻഷനും അന്ന് നടക്കും. മാള യഹൂദ ചരിത്ര പ്രാധാന്യവും പൈതൃകസംരക്ഷണത്തിന്റെ സാംസ്കാരിക മൂല്യവും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പൈതൃകസംരക്ഷണ സമിതി പ്രസിദ്ധീകരിച്ച ലഘുലേഖയിൽ അവരുടെ ആവശ്യം ഇങ്ങനെ ചുരുക്കുന്നു : "പൈതൃകസംരക്ഷണ തത്വങ്ങൾക്കും 1955 ലെ കരാർ വ്യവസ്ഥകൾക്കും വിരുദ്ധമായി മാള യഹൂദ ശ്മശാനത്തിൽ നടന്നുവരുന്ന എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിയന്തിരമായി നിർത്തിവയ്ക്കണമെന്നും മാളയിലെ യഹൂദസ്മാരകങ്ങളെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിച്ച് അവയുടെ തുടർ സംരക്ഷണം ഉറപ്പാക്കണമെന്നും ഇതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളോട് പൈതൃകസംരക്ഷണ സമിതി ആവശ്യപ്പെടുന്നു. പാർക്ക് പദ്ധതിക്കനുവദിച്ച 1.62 കോടി രൂപ വിനിയോഗിച്ച് 4 ഏക്കർ ശ്മശാനത്തിന്റേയും യഹൂദ സിനഗോഗിന്റെയും സംരക്ഷണം അന്തർദേശീയ നിലവാരത്തിൽ ശാസ്ത്രീയ രീതിയിൽ നടപ്പാക്കാൻ കഴിയുമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിനാവശ്യമായ ബദൽപദ്ധതി സമർപ്പിക്കാൻ സമിതി തയ്യാറാണ്." ■


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 10,000 രൂപ.
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ–680021**
**ഫോൺ : 0487 2421385, 9446576943**